I/154360/2024

SOCIAL JUSTICE DEPARTMENT

"ഭരണഭാഷ – മാതൃഭാഷ"

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :26-03-2024
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി ഡയറക്ടറേറ്റ് കരാർ വാഹനങ്ങളുടെ കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: സാമൂഹ്യനീതി ഡയറക്ടറുടെ 29.04.2023 തീയതിയിലെ SJD/244/2023-C1 നമ്പർ സർക്കുലർ

സാമൂഹ്യനീതി ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വാഹനമില്ലാത്ത കീഴ് കാര്യാലയങ്ങളിൽ കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്ത് 2024 മാർച്ച് 31 വരെ ഉപയോഗിക്കുന്നതിന് സൂചന സർക്കുലർ പ്രകാരം അനുമതി ലഭ്യമാക്കിയിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ കീഴ് കാര്യാലയങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി കരാർ വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. 2023-24 സാമ്പത്തിക വർഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിലേർപ്പെട്ട കരാർ വാഹനങ്ങൾക്ക് കരാർ തീയതി മുതൽ ഒരു വർഷം കാലയളവ് വരെ നിലവിലെ കരാർ വ്യവസ്ഥകൾ പ്രകാരം വാഹനം ഉപയോഗിക്കാവുന്നതാണ്.

2. 2024 മെയ് മാസം വരെയുള്ള കാലയളവിൽ ഒരു വർഷത്തെ കരാർ കാലാവധി പൂർത്തിയാകുന്ന കരാർ വാഹനങ്ങൾക്ക് നിലവിലെ കരാർ വ്യവസ്ഥകൾ പ്രകാരം മൂന്നു മാസത്തേക്കു കൂടി (പരമാവധി 30/06/2024 വരെ ) കരാർ കാലാവധി ദീർഘിപ്പിച്ച് ഉപയോഗിക്കാവുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർ

Signed by H Dineshan
Date: 26-03-2024 15:59:12